LIBRARY ARCHIVES Kerala Legislative Assembly

കരിവെള്ളൂർ -പെരളം-പുത്തൂർ കടിവെള്ള പദ്ധതി

225 (933) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 40.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ ദർഘാസ് ക്ഷണിച്ചപ്പോൾ ഒരാൾ മാത്രം എസ്റ്റിമേറ്റ് തുകയുടെ 23.88% അധികം കാട്ട് ചെയ്തിരുന്നതിനാൽ നിലവിലുള്ള നിയമപ്രകാരം ആയത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാക്കുന്നതിന് നടപടി

226 (934) ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീമതി ജമീല പ്രകാശം :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് ശുദ്ധജല വിതരണം നടത്തുന്ന മേഖലകളിലെ നദികളിൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥലങ്ങളിൽ തടയണ കെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെ എല്ലാമാണെന്ന് വ്യക്തമാക്കാമോ ?